**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13.03.2019, തീയതിയിലെ 20(1) -ാം നമ്പർ തീരുമാനം, 16.05.2019 തീയതിയിലെ 8(1)-ാം നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്യുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1056/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 04.06.2020

---

പരാമർശം: 1) മാണിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13.03.2019, തീയതിയിലെ 20(1) -ാം നമ്പർ തീരുമാനം.

2) മാണിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 16.05.2019 തീയതിയിലെ 8(1)-ാം നമ്പർ തീരുമാനം

3) മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2019 തീയതിയിലെ A7/8306/2019-ാം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാണിക്കൽ ഗ്രാമപഞ്ചായത്തിലെ കോലിയക്കോട് 16-ാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഉഷസ് എന്ന പൗൾട്രിഫാം, സ്ഥലവാസികൾക്ക് രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ അടച്ചു പൂട്ടണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികളായ പതിനാറോളം പേർ പഞ്ചായത്തിന് പരാതി നൽകിയിരുന്നു. തുടർന്ന് പൗൾട്രിഫാം ഉടമ ശ്രീ.പീതാംബരൻ നായർ ലൈസൻസിന് അപേക്ഷ സമർപ്പിയ്ക്കുകയും ആയത് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. സൂചന(1) പ്രകാരം ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗം ടി വിഷയത്തിൽ പൗൾട്രിഫാമിന് ലൈസൻസ് പുതുക്കി നൽകേണ്ട എന്ന തീരുമാനത്തിൽ ഫാമിന് സ്റ്റോപ്പ് നോട്ടീസ് നൽകുകയും ആയതിൽ സെക്രട്ടറി വിയോജനം രേഖപ്പെടുത്തുകയും തുടർന്ന് ടി തീരുമാനം നിരസിച്ചതിനുള്ള തീരുമാനം പുനരാലോചിക്കണമെന്ന് സെക്രട്ടറി ഭരണസമിതിയോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സൂചന (2)പ്രകാരം ചേർന്ന യോഗത്തിൽ, മേൽ തീരുമാനത്തിൽ തന്നെ ഉറച്ച് നിൽക്കുവാൻ ഭരണസമിതി തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ സൂചന (3) പ്രകാരം കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 29(3) -ലെ വ്യവസ്ഥയനുസരിച്ച് സെക്രട്ടറി വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതിയെ തുടർന്ന് ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയാണ് കോഴിഫാമിന് ലൈസൻസ് നൽകേണ്ടതില്ലായെന്ന് ഭരണസമിതി തീരുമാനിച്ചത്. എന്നാൽ നിയമാനുസൃതമായ ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ലൈസൻസ് നൽകാവുന്നതാണെന്ന നിർദ്ദേശമാണ് മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ മാണിയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2), പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്യുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മദീന ബീഗം.എ**
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ,
കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്, മാണിക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
സെക്രട്ടറി, മാണിക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ആർ സി3/220/2019/ ത.സ്വ.ഭ.വ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

**പകർപ്പ്:-**

1. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസ്.
2. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്
3. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)യുടെ പി.എസ്